## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 217 26.9.2011 ന് മറുപടിയ്ക്ക്

### സപ്ലൈകോയിലെ ഇ.ടെൻഡർ

ചോദ്യം ഉത്തരം

ശ്രീമതി കെ. കെ. ലതിക, ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) സപ്ലൈകോയിലെ ഇ.ടെൻഡർ നടപടികളെക്കുറിച്ച് വിജിലൻസ് അന്വേഷണത്തിന് സർക്കാർ ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണത്തിലെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണ്; | (എ) ഇല്ല |
| (ബി)ഇ. ടെൻഡർ നടപടികളെക്കുറിച്ച് പരാതി നൽകിയ വ്യക്തി ആരെന്നും ഏത് കമ്പനിയെ പ്രതിനിധീകരിച്ചാണ് പരാതി നൽകിയതെന്നും വ്യക്തമാക്കാമോ; | (ബി) M/s.മുരളികൃഷ്ണ തിന്നലപ്പടി, കൽമണ്ഡപം, പാലക്കാട് എന്ന സ്ഥാപനത്തെ പ്രതിനിധീകരിച്ച് ശ്രീ.യദുകൊണ്ടലു എന്ന വ്യക്തിയാണ് പരാതി നൽകിയത്. |
| (സി) പരാതിക്കാരൻ പ്രതിനിധീകരിക്കുന്ന കമ്പനി കരിമ്പട്ടികയിൽപ്പെട്ടതാണോയെന്ന് വ്യക്തമാക്കാമോ? | (സി) M/s.മുരളികൃഷ്ണ തിന്നലപ്പടി, എന്ന സ്ഥാപനത്തിനുവേണ്ടി പരാതി സമർപ്പിച്ച ശ്രീ.യദുകൊണ്ടലു എന്ന വ്യക്തിക്ക് ഭാസ്കർ |
| | എന്ന മറ്റൊരു പേരുകൂടിയുണ്ട്. ഇദ്ദേഹം ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്തതിനെത്തുടർന്ന് സപ്ലൈകോ കരിമ്പട്ടികയിൽപ്പെടുത്തിയ M/s.ബി.എസ്.ജി.ട്രേഡേഴ്സ് എന്ന സ്ഥാപനത്തിന്റെ പവർ ഓഫ് അറ്റോർണി ഹോൾഡർ കൂടിയാണ്. ഇതു കൂടാതെ ഈ പേരിൽ ടിയാൻ സായ് റാം എന്ന കമ്പനിയുടെ ഉടമയായി സപ്ലൈകോയുടെ ടെണ്ടറിൽ പങ്കെടുത്ത് ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വിതരണം ചെയ്തു വഴി സിവിൽ സപ്ലൈസ് |

| | |
|---|---|
| | കോർപ്പറേഷന് 13.41 കോടി രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടിയാനെതിരെ ക്രൈം നമ്പർ 541/2006 പ്രകാരം കേസ് നിലവിലുണ്ട്. സപ്ലൈകോയുടെ നിലവിലെ ടെണ്ടർ നിബന്ധനകൾ പ്രകാരം മേൽ കമ്പനിയോ ഉടമയോ തുടർന്നും ടെണ്ടറിൽ പങ്കെടുക്കുന്നതിന് വിലക്കുള്ളതാണ്.<br><br>സെക്ഷൻ ഓഫീസർ |